"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.സോണി ടി.ടി., അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സബ് ജയിൽ, എറണാകുളം - ചികിത്സക്ക് അനുവദിച്ച പലിശരഹിതവായ്പ ക്രമീകരിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4144/2025/HOME തീയതി,തിരുവനന്തപുരം, 30-11-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.419/2018/ആഭ്യന്തരം,തീയതി 07.02.2018
2. സ.ഉ.(സാധാ) 68/2024/ആഭ്യന്തരം, തീയതി 05.01.2024.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 06.06.2024 തീയതിയിലെ A2-1390/2020/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം സബ് ജയിലിലെ അസിസ്റ്റൻ്് പ്രിസൺ ഓഫീസർ ശ്രീ.സോണി.റ്റി.റ്റിയുടെ പിതാവിന്റെ ചികിത്സയ്ക്കായി പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന പരിശരഹിത വായ്പയിൽ തിരികെ അടയ്ക്കുവാൻ ശേഷിച്ചിരുന്ന 2,75,754/- (രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുന്നൂറ്റി അൻപത്തി നാല്) രൂപ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും 72 തുല്യ മാസ തവണകളായി ഈടാക്കുന്നതിന് ജയിൽമേധാവിക്ക് അനുമതി നൽകിക്കൊണ്ടും പലിശ രഹിത ചികിത്സാ വായ്പ അപ്രകാരം ക്രമീകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ശമ്പളത്തിൽ നിന്നും തുല്യ ഗഡുക്കളായി തുക കുറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്പാർക്ക് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിയ്ക്കണമെന്ന് ജയിൽമേധാവി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. SPARK - ലെ എക്സ്റ്റേണൽ റിക്കവറി മോഡ്യൂൾ ഉപയോഗിച്ച് റിക്കവറി നടത്താവുന്നതാണ്. ഇത് സംബന്ധിച്ച് പരാമർശം (2) ഉത്തരവിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു:

I) ഡി.ഡി.ഒ. (DDO) ഓരോ മാസവും 7610-00-800-95(02) എന്ന ഹെഡിൽ നിന്ന് പ്രതിമാസ ഗഡുക്കൾ കിഴിവ് ചെയ്യണം.

II) എല്ലാ ഗഡുക്കളും അടവാക്കിയതായി ഡിഡിഒ ഉറപ്പ് വരുത്തണം.

III) എല്ലാ ഗഡുക്കളും അടച്ചതിന് ശേഷം ഐഎഫ്എംഎ (IFMA) ക്രമീകരിക്കുന്നതിനായി ഫൈനൽ സെറ്റിൽമെന്റ് ബിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

3. മേൽ ഭേദഗതിയോടെ പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജീഷ് ബി ഗോപൻ

അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ,പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം.
ശ്രീ. സോണി ടി.ടി. (പ്രിസൺസ് & കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (21.09.2025 -ലെ 730351/Loans-L3/58/2018-FIN കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 02-12-2025 11:36:15
സെക്ഷൻ ഓഫീസർ